## Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

# മതപരമായ അറിവ് കൊണ്ട് മാത്രം ഗ്രഹിക്കാൻ പറ്റുന്ന ഒന്നല്ല ദൈവം: ഫ്രാൻസിസ് പാപ്പ



വത്തിക്കാൻ സിറ്റി: മതപരമായ അറിവുകൾ കൊണ്ട് മാത്രം മനസ്സിലാക്കാൻ പറ്റാവുന്ന ഒന്നല്ല ദൈവം. അതിന് പ്രാർത്ഥന കൂടി വേണം, നാം പാപികളാണെന്ന് തിരിച്ചറിയണം. പാപ്പ കൂട്ടിച്ചേർത്തു.

സുവിശേഷത്തിൽ സന്നിഹിതനായിരിക്കുന്ന ദൈവത്തെ അത് വായിക്കുന്നതിലൂടെ നാം മനസ്സിലാക്കുന്നു. നാമെല്ലാവരും സുവിശേഷം വായിക്കുന്നവരാണ്. അല്ലെങ്കിൽ ദേവാലയത്തിൽ പോകുമ്പോൾ സുവിശേഷം വായിക്കുന്നത് ശ്രദ്ധിക്കുന്നവരാണ്. മതബോധനം അഭ്യസിക്കുന്നതിലൂടെ ദൈവം ആരാണെന്ന് നാം കൂടുതൽ അറിയുന്നു.എന്നാൽ, യേശുക്രിസ്തുവിനെ ആഴത്തിൽ അറിയണമെങ്കിൽ പ്രാർത്ഥനയെന്ന ശീലത്തിലേക്ക് നാം ആദ്യം പ്രവേശിക്കണം. അതിനായി പരിശുദ്ധാത്മാവിന്റെ സഹായം തേടണം. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നാം ദൈവത്തെ ആരാധിക്കണം. പാപ്പ കൂട്ടിച്ചേർത്തു.

പ്രാർത്ഥനയിലൂടെ, നാം നമ്മുടെ കുറവുകളെക്കുറിച്ച്, പാപങ്ങളെക്കുറിച്ച് അറിവുള്ളവരായിരിക്കണം. ക്രിസ്തു എന്ന രഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ നാം നമ്മുടെ പാപങ്ങളെ ഏറ്റു പറയണം. ഇതാനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ഫ്രാൻസിസ് പാപ്പ കാസാ സാന്താ മാർത്തയിൽ കൂടിയ വിശ്വാസികളോടായി പറഞ്ഞു.

കടപ്പാട് : www.hrudayavayal.com